REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 08-07-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബ്രസീലിയൻ പ്രസിഡണ്ട് ലുലാ ഡാ സിൽവയുമായി ഉഭയകക്ഷി ചർച്ച നടത്തും.**
- **വിവേകപൂർണമായ ധനകാര്യ മാനേജ്മെന്റിന്റെയും സാമ്പത്തിക നടപടിയുടേയും സംയോജനത്തിലൂടെ ഇന്ത്യ ആഭ്യന്തര ആവശ്യങ്ങൾ നിറവേറ്റിയതായി ധനമന്ത്രി നിർമലാ സീതാരാമൻ.**
- **നാല് മാസം കൊണ്ട് നിർമ്മാണം ആരംഭിച്ച 86 പദ്ധതികളിൽ നിന്ന് 40,439 തൊഴിലവസരങ്ങൾ സംസ്ഥാനത്തുണ്ടാകുമെന്ന് മന്ത്രി P. രാജീവ്.**
- **പത്തനംതിട്ട കോന്നി ചെങ്കളത്ത് ക്വാറിയിലെ രക്ഷാ ദൗത്യം താത്കാലികമായി നിർത്തി.**
- **മലബാർ റിവർ ഫെസ്റ്റിവലിന്റെ പ്രീഇവന്റുകൾക്ക് തുഷാരഗിരിയിൽ മഴനടത്തത്തോടെ തുടക്കമായി.**

## വാർത്തകൾ വിശദമായി

അഞ്ച് രാജ്യങ്ങളിലെ സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നമീബിയയിലെത്തും. പ്രസിഡണ്ട് നിതൊംബോ നാൻദി ദാത്വയുടെ ക്ഷണപ്രകാരമാണ് അദ്ദേഹം വിൻഡ്ഹോക്ക് നഗരത്തിലെത്തുന്നത്. നരേന്ദ്രമോദിയുടെ ആദ്യ നമീബിയൻ സന്ദർശനമാണിത്. ഇരുരാജ്യങ്ങളും ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ ചർച്ച ചെയ്യും.

ഇന്നലെ ബ്രിക്സ് രാജ്യങ്ങളുടെ പരിസ്ഥിതി ആഗോളഫോറത്തിൽ സംസാരിച്ച പ്രധാനമന്ത്രി, ഗ്രഹങ്ങളും, മനുഷ്യാരോഗ്യവും പരസ്പരബന്ധിതമാണെന്നും,

പ്രകൃതിയെ ബഹുമാനിക്കുന്ന രീതി തലമുറകളായി ഇന്ത്യൻ പാരമ്പര്യത്തിലുണ്ടെന്നും വിശദീകരിച്ചു. കാലാവസ്ഥയോടും, ചുറ്റുപാടുകളോടും നീതി പുലർത്തേണ്ടത് കർത്തവ്യമായാണ് ഭാരതീയർ കാണുന്നത്.

അടുത്തവർഷം ബ്രിക്സിന്റെ അധ്യക്ഷ സ്ഥാനമേൽക്കുമ്പോൾ അപ്രതീക്ഷിത സാഹചര്യങ്ങൾ നേരിടാനാവശ്യമായ സജ്ജത കേന്ദ്രീകരിച്ചായിരിക്കും ഇന്ത്യയുടെ പ്രവർത്തനമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

✪✪✪

ലോകത്തിന്റെ ബഹുമുഖത്വം ഉൾക്കൊള്ളുന്ന സുപ്രധാന വേദിയാണ് ബ്രിക്സ് എന്ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ പറഞ്ഞു. റിയോ ഡി ജനീറോയിൽ ബ്രിക്സ് ധനമന്ത്രിമാരുടേയും, സെൻട്രൽ ബാങ്ക് ഗവർൺമാരുടേയും യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ.

ഡെസ്ക് റിപ്പോർട്ട്

.....വോയ്സ്.........

ആഗോളസ്ഥാപനങ്ങൾ പ്രതിസന്ധി നേരിടുമ്പോൾ സഹകരണം ശക്തിപ്പെടുത്തുന്നതിനും, പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനും ബ്രിക്സിന് കഴിയുമെന്നും നിർമലാ സീതാരാമൻ പറഞ്ഞു. വിവേകപൂർണമായ ധനകാര്യ മാനേജ്മെന്റിന്റെയും സാമ്പത്തിക നടപടിയുടേയും സംയോജനത്തിലൂടെ ആഭ്യന്തര ആവശ്യങ്ങൾ ഇന്ത്യ നിറവേറ്റിയതായി നിർമലാ സീതാരാമൻ വ്യക്തമാക്കി. രാജ്യത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും വിപണി വൈവിധ്യവത്കരണവും മത്സരശേഷിയും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്ന ഘടനാപരമായ പരിഷ്കാരങ്ങളിൽ രാജ്യം ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടെന്നും ധനമന്ത്രി പറഞ്ഞു.

ഉച്ചകോടിയ്ക്കിടെ റഷ്യൻ ധനമന്ത്രിയുമായി നിർമലാ സീതാരാമൻ പ്രത്യേക കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലെ ഉഭയകക്ഷി ബന്ധ സഹകരണം, സാമ്പത്തിക മേഖലാ വിഷയങ്ങൾ, പുതിയ വികസനം എന്നിവയെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തു.

✪✪✪

ഇന്ത്യയുടെ ഊർജ്ജശേഷി നവീകരണം-വികസനം എന്നിവ ലക്ഷ്യമിട്ട് നോർവേയിൽ സമഗ്ര പഠനം നടത്തി വരുന്നതായി കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി പറഞ്ഞു. നോർവേ സന്ദർശിച്ച അദ്ദേഹം ഹൈഡ്രോകാർബൺ പര്യവേക്ഷണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് വിദഗ്ധരുമായി ചർച്ച നടത്തി.

✪✪✪

സംസ്ഥാനത്ത്  സ്വകാര്യ ബസുകളുടെ ഒരു ദിവസത്തെ സൂചനാ പണിമുടക്ക് തുടരുന്നു. വിദ്യാർത്ഥികളുടെ സൗജന്യ യാത്രാനിരക്ക് വർധിപ്പിക്കണമെന്നതടക്കം ആവശ്യങ്ങൾ ഉന്നയിച്ചാണ് ഇന്നത്തെ പണിമുടക്ക്. സമരം ഒഴിവാക്കാൻ ഇന്നലെ ഗതാഗത കമ്മീഷണറുടെ നേതൃത്വത്തിൽ ബസ്സുടമകളുമായി നടത്തിയ ചർച്ച നടത്തിയെങ്കിലും പരിഹാരമായില്ല. യാത്രാക്ലേശം പരിഹരിക്കാൻ KSRTC ബദൽക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

മിക്ക ജില്ലകളിലും ബസ് പണിമുടക്ക്  പൂർണമാണ്. മലയോര മേഖലകളിലാണ് യാത്രാക്ലേശം രൂക്ഷമായിരിക്കുന്നത്. KSRTC യുടെ സ്പെഷ്യൽ സർവീസുകളിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്

✪✪✪

KSRTC നാളെ സർവീസുകൾ നടത്തുമെന്ന് മന്ത്രി KB ഗണേഷ്കുമാർ അറിയിച്ചു. നാളത്തെ പണിമുടക്കിൽ പങ്കെടുക്കുന്നതിന് KSRTC യൂണിയനുകൾ കത്തു നൽകിയിട്ടില്ലെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഫറോക്ക് ESI റഫറൽ ആശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ തിരുവനന്തപുരത്ത് മന്ത്രി V ശിവൻ കുട്ടിയുടെ സാന്നിധ്യത്തിൽ യോഗം ചേരുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് കോഴിക്കോട്ട് അറിയിച്ചു. ആശുപത്രി വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

കോട്ടയം മെഡിക്കൽ കോളജ് ആശുപത്രി കെട്ടിടം തകർന്ന് മരിച്ച ബിന്ദുവിന്റെ മകൾക്ക് ആവശ്യമായ എല്ലാ ചികിത്സാ സൗകര്യങ്ങളും, സാമ്പത്തിക സഹായവും ഉറപ്പുവരുത്തിയതായി മന്ത്രി V.N വാസവൻ പറഞ്ഞു. മെഡിക്കൽ കോളജിലെ തകർന്നുവീണ കെട്ടിടത്തിന്റെ അനുബന്ധ ഭാഗവും പൊളിച്ച് മാറ്റുമെന്നും മന്ത്രി കോട്ടയത്ത് അറിയിച്ചു. ബിന്ദു മരിക്കാനിടയായ സാഹചര്യങ്ങൾ അന്വേഷിച്ചുവരുന്നുണ്ടെന്നും റിപ്പോർട്ട് കിട്ടിയാൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുമെന്നും വാസവൻ പറഞ്ഞു.

✪✪✪

മാറിയ പാഠപുസ്തകങ്ങളുടെ അടിസ്ഥാനത്തിൽ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലെ ഫസ്റ്റ്ബെൽ ഡിജിറ്റൽ ക്ലാസുകൾ നാളെ മുതൽ കൈറ്റ് വിക്ടേഴ്സിൽ സംപ്രേഷണം തുടങ്ങുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. കുട്ടികൾക്ക് അധിക പിന്തുണ എന്ന തരത്തിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്. കോഴിക്കോട്ട് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ശില്പശാലയിൽ വീഡിയോ കോൺഫറൻസിംഗിലൂടെ സംസാരിക്കുക യായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് ഹജ്ജിന് യാത്രയായ ഹാജിമാരുടെ അവസാനസംഘം രാവിലെ 10.45ന് മടങ്ങിയെത്തി. ഒരു സംഘം പുലർച്ചെ 4.55ന് തിരിച്ചെത്തിയിരുന്നു. കൊച്ചിൻ എംബാർക്കേഷനിലെ അവസാന വിമാനം വ്യാഴാഴ്ചയും കണ്ണൂരിലേത് വെള്ളിയാഴ്ചയുമാണ്. അടുത്ത വർഷത്തെ- ഹജ്ജിന് ഓൺലൈൻ വഴി അപേക്ഷാ സമർപ്പണം ഉടനെ ആരംഭിക്കുമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു.

✪✪✪

തിരുവനന്തപുരം പട്ടം SUT ആശുപത്രിയിലെ തീവ്ര പരിചരണ വിഭാഗത്തിൽ കഴിയുന്ന മുൻ മുഖ്യമന്ത്രി VS അച്യുതാനന്ദന്റെ ആരോഗ്യനില മാറ്റമില്ലാതെ തുടരുകയാണെന്ന് മെഡിക്കൽ ബുള്ളറ്റിൻ അറിയിച്ചു. വെന്റിലേറ്റർ സഹായം തുടരാനാണ് തീരുമാനം.

✪✪✪

കേരള ആഗോള നിക്ഷേപക ഉച്ചകോടിയിലൂടെ നാല് മാസം കൊണ്ട് നിർമ്മാണം ആരംഭിച്ച 86 പദ്ധതികളിൽ നിന്ന് 40,439 തൊഴിലവസരങ്ങൾ സംസ്ഥാനത്തുണ്ടാകുമെന്ന് മന്ത്രി P. രാജീവ് അറിയിച്ചു. നിക്ഷേപ താൽപര്യം പ്രകടിപ്പിച്ച 20 ശതമാനത്തിലധികം കമ്പനികളും സംസ്ഥാനത്ത് നിക്ഷേപം തുടങ്ങിയതായി മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. 31,429 കോടി രൂപ നിക്ഷേപം കൊണ്ടുവരുന്ന പദ്ധതികളാണിവയെന്നും മന്ത്രി വെളിപ്പെടുത്തി. യുവജനങ്ങൾക്ക് സംസ്ഥാനത്തു തന്നെ മികച്ച തൊഴിൽ ലഭ്യമാക്കുന്നതിന് ഗവൺമെന്റ് അവസരങ്ങൾ ഒരുക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

സപ്ലൈകോയിലെ ഏതാനും തസ്തികകളിൽ ജീവനക്കാരെ നേരിട്ട് നിയമിക്കുന്നതായി പ്രചരിക്കുന്ന യൂട്യൂബ് വീഡിയോകളും സമൂഹമാധ്യമ പോസ്റ്റുകളും വ്യാജമാണെന്ന് സപ്ലൈകോ ജനറൽ മാനേജർ VK അബ്ദുൽ

ഖാദർ അറിയിച്ചു. സപ്ലൈകോയിൽ സ്ഥിരം ജീവനക്കാരെ PSC മുഖേനയാണ് നിയമിക്കുന്നത്. താത്കാലിക നിയമനങ്ങൾ നടത്തുന്നതിന് മുൻപ് മുഖ്യധാരാ പത്രങ്ങളിലും സപ്ലൈകോയുടെ ഔദ്യോഗിക സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമുകളിലും അറിയിപ്പ് പ്രസിദ്ധീകരിക്കാറുണ്ടെന്നും ജനറൽ മാനേജർ അറിയിച്ചു.

✪✪✪

പത്തനംതിട്ട കോന്നി ചെങ്കളത്ത് ക്വാറിയിലെ രക്ഷാ ദൗത്യം താത്കാലികമായി നിർത്തി. എസ്കവേറ്ററിൽ കുടുങ്ങി പാറയ്ക്കടിയിൽപ്പെട്ട തൊഴിലാളിക്കായി രാവിലെ രക്ഷാദൗത്യം പുനരാരംഭിച്ചിരുന്നു. എന്നാൽ അപകടകരമായ രീതിയിൽ പാറ ഇളകി വീഴുന്നതുകൊണ്ടും കൂടുതൽ സജ്ജീകരണങ്ങൾ ആവശ്യമായതുകൊണ്ടുമാണ് രക്ഷാ പ്രവർത്തനം താത്കാലികമായി നിർത്തിവെച്ചത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ശ്രീജി S. ശ്രീധർ...

...........വോയ്സ്............

പത്തനംതിട്ട കോന്നി പയ്യനാമണ്ണിലെ ചെങ്കളത്ത് ക്വാറിയിൽ പാറയിടിഞ്ഞ് വീണ് എസ്കവേറ്ററിൽ കുടുങ്ങിക്കിടക്കുന്ന ബീഹാർ സ്വദേശി അജയ് റായിക്കായുള്ള രക്ഷാ ദൗത്യമാണ് താത്കാലികമായി നിർത്തിയത്. രാവിലെ രക്ഷാ ദൗത്യം പുനരാരംഭിച്ചെങ്കിലും സ്ഥലത്ത്അപകടകരമായ രീതിയിൽ ഇപ്പോഴും പാറ ഇളകി വീഴുന്നതും കൂടുതൽ സജ്ജീകരണങ്ങൾ ആവശ്യമായയുള്ളതുമാണ് രക്ഷാ പ്രവർത്തനം താത്കാലികമായി നിർത്തിവയ്ക്കാൻ കാരണമായത്. സ്ഥലത്ത് ജില്ലാ കളക്ടർ ഉൾപ്പെടെയുള്ളവർ രാവിലെ മുതൽ തുടതുന്നുണ്ട്.

ആലപ്പുഴ,കൊല്ലം ജില്ലകളിൽ നിന്ന് ലോങ് ബും എസ്കവേറ്റർ അടക്കം എത്തിച്ച ശേഷമാകും ഇനി ക്രയിനിൽ റോപ്പുകെട്ടി ആൾ കുടുങ്ങിക്കിടക്കുന്ന എസ്കവേറ്റർ ഉയർത്താനുള്ള ശ്രമം രക്ഷാ സംഘം നടത്തുക. സ്ഥിതിഗതികൾ കൃത്യമായി വിലയിരുത്തി സ്പെഷ്യൽ ടാസ്ക് ഫോഴ്സ് ഉൾപ്പെടെയുള്ള ഫയർഫോഴ്സ്, എൻ.ഡി.ആർ.എഫ് ടീം, പോലീസ്തുടങ്ങിയവരെ ഏകോപിപ്പിച്ചാണ് രക്ഷാ പ്രവർത്തനം തുടതുക. പൊതുജനങ്ങളെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ക്വാറിയിൽ പ്രവേശിക്കാൻ അനുവദിക്കില്ല.

✪✪✪

മലബാർ റിവർ ഫെസ്റ്റിവലിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകൾ സംഘടിപ്പിക്കുന്ന പ്രീഇവന്റുകൾക്ക് തുഷാരഗിരിയിൽ മഴനടത്തത്തോടെ തുടക്കമായി. ഈ മാസം 24 നാണ് മലബാർ റിവർ

ഫെസ്റ്റിവൽ. കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി DTPC, കോഴിക്കോട് ജില്ലാപഞ്ചായത്ത്, എന്നിവരുടെ സഹകരണത്തോടെയാണ് അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിങ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്.

പുലിക്കയം, പുല്ലൂരാംപാറ എന്നിവിടങ്ങളിലാണ് മത്സരങ്ങൾ പ്രധാനമായും നടക്കുന്നത്. ഉദ്ഘാടന ദിവസമായ ജൂലൈ 24ന് മീൻതുള്ളിപാറയിൽ പ്രദർശന കയാക്കിങ്ങും രജിസ്ട്രേഷനും നടക്കും.

മലബാർ റിവർ ഫെസ്റ്റിവലിനു മുന്നോടിയായി കോഴിക്കോട് ജില്ലയിലെ വിവിധ പഞ്ചായത്തുകൾ, മുക്കം മുൻസിപ്പാലിറ്റി എന്നിവിടങ്ങളിലായി വണ്ടി പൂട്ട്, ചൂണ്ടയിടൽ മത്സരങ്ങൾ ഇതിനകം നടന്നു. തുഷാരഗിരിയിലെ മഴനടത്തത്തിൽ നിരവധി കോളെജ് വിദ്യാർഥികൾ പങ്കെടുത്തു.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് ആൻഡേഴ്സൺ ടെണ്ടുൽക്കർ ട്രോഫി പരമ്പരയിലെ മൂന്നാം ക്രിക്കറ്റ് ടെസ്റ്റ് മറ്റന്നാൾ ആരംഭിക്കും. ലോർഡ്സിൽ വൈകിട്ട് മൂന്നരക്കാണ് മത്സരം. ഇരുടീമുകളും ഓരോ മത്സരം ജയിച്ചിട്ടുണ്ട്.

✪✪✪

സർവകലാശാലകളിൽ മതനിരപേക്ഷത ഉയർത്തിപ്പിടി ക്കണമെന്ന് മന്ത്രി ഡോ. R ബിന്ദു ആവശ്യപ്പെട്ടു. എങ്കിലേ എല്ലാവർക്കും അവസരമുണ്ടാകൂ എന്ന് അവർ തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. കേരള സർവകലാശാലയിൽ പരിഷ്കാരങ്ങൾ നല്ലനിലയ്ക്ക് വളർത്തിയെടുക്കാനാണ് ശ്രമിച്ചുവരുന്നതെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

തിരുവനന്തപുരം റീജിണൽ പാസ്പോർട്ട് ഓഫീസ്, സേവനങ്ങൾ അപേക്ഷകരുടെ വാതിൽപ്പടിയിലെത്തിക്കുന്ന സംവിധാനത്തിന് തുടക്കമിട്ടു. ഇതിന്റെ ഭാഗമായി മൊബൈൽ പാസ്പോർട്ട് സേവാ വാഹനങ്ങൾ രാവിലെ ഫ്ലാഗ് ഓഫ് ചെയ്തു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ അപേക്ഷകർക്കാണ് വാതിൽപ്പടി സേവനം ലഭ്യമാകുന്നത്.

✪✪✪

വെള്ളിയാഴ്ച വരെ സംസ്ഥാനത്ത് ചിലയിടങ്ങളിൽ ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർകോട് ജില്ലകളിൽ വെള്ളിയാഴ്ച വരെ മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കർണാടക തീരത്ത് മറ്റന്നാൾ വരെ മീൻപിടുത്തത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

*News Editor & Reader : വി കെ സുരേഷ്*
*NRT : അനിൽ ചന്ദ്രൻ,*
*CNRT :ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*